# പിന്നാക്ക സമുദായവികസന വകുപ്പ്ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ : ശ്രീ. വി.ആർ.ജോഷി)

വിഷയം : പിസവിവ - ജീവനക്കാര്യം - വകുപ്പിലെ ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സ.ഉ.(കൈ) നം. 01/2016/പിസവിവ തീയതി 04.03.2016

2) സ.ഉ.(കൈ) നം. 03/2016/പിസവിവ തീയതി 04.03.2016

3) ഈ ആഫീസിലെ 15.03.2016 ലെ ഇതേ നമ്പർ നടപടി ഉത്തരവ്

---

ഉത്തരവ് നമ്പർ: **BCDD/A1/1080/2015(2)** തീയതി : 16/03/2016

---

പിന്നാക്ക സമുദായവികസന വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന, പട്ടികജാതി വികസന വകുപ്പിലെ 13 ജീവനക്കാരെ വകുപ്പിലെ സ്ഥിരം ജീവനക്കാരായി അബ്സോർബ് ചെയ്ത് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അബ്സോർബ് ചെയ്യപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ് പരാമർശം 3 പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വകുപ്പിന് പുതുതായി 6 തസ്തികകൾ കൂടി സൃഷ്ടിച്ചുകൊണ്ട് പരാമർശം 2 പ്രകാരവും ഉത്തരവായിട്ടുണ്ട്.

പുതുതായി അനുവദിക്കപ്പെട്ട തസ്തികകൾ ഉൾപ്പെടെ വകുപ്പിൽ ആകെ 10 ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ആയതിൽ 7 തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട തസ്തികകളിൽ ക്ലാർക്ക് സീനിയർ ക്ലാർക്ക് അനുപാതം 1:1 ആയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക സമുദായവികസന വകുപ്പിലെ ക്ലറിക്കൽ തസ്തികകളിൽ വകുപ്പ് ഡയറക്ടറേറ്റിലെ 2 ഉം, എറണാകുളം മേഖലാ ആഫീസിലെ 1 ഉം ഉൾപ്പടെ ആകെ 3 തസ്തികകൾ സീനിയർ ക്ലാർക്ക് ആക്കി ഉയർത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്രകാരം സീനിയർ ക്ലാർക്ക് ആയി ഉയർത്തിയ തസ്തികകളിൽ 2 തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്. ഈ സാഹചര്യത്തിൽ ക്ലാർക്കുമാരിൽ സീനിയർ ആയ ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| പേരും നിലവിലെ തസ്തികയും ശമ്പള സ്കെയിലും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും ശമ്പളസ്കെയിലും | പ്രാബല്യ തീയതി | റിമാർക്സ് |
|---|---|---|---|
| ശ്രീ. ശ്രീജിത്ത് പി.വി,<br>ക്ലാർക്ക്(19000 - 43600)<br>എറണാകുളം,മേഖലാ ആഫീസ് | സീനിയർ ക്ലാർക്ക്<br>25200 - 54000 | 16.03.2016<br>(പൂർവാഹ്നം) | എറണാകുളം മേഖലാ ആഫീസിൽ തുടരുവാൻ അനുവദിക്കുന്നു |
| ശ്രീ. പ്രബിൻ. ബി<br>ക്ലാർക്ക് (19000 - 43600)<br>വകുപ്പ് ഡയറക്ടറേറ്റ് | സീനിയർ ക്ലാർക്ക്<br>25200 - 54000 | 16.03.2016<br>(പൂർവാഹ്നം) | വകുപ്പ് ഡയറക്ടറേറ്റിൽ തുടരുവാൻ അനുവദിക്കുന്നു |

ഡയറക്ടർ

ശ്രീ. ശ്രീജിത്ത് പി.വി, ശ്രീ. പ്രബിൻ. ബി

പകർപ്പ് :

1) അഡീഷണൽ ചീഫ് സെക്രട്ടറി, പി.സ.വി.വ (ഉപരിപത്രം സഹിതം)
2) അക്കൗണ്ടന്റ് ജനറൽ *(A&E)* (ഉപരിപത്രം സഹിതം)
3) ഡെപ്യൂട്ടി ഡയറക്ടർ, മേഖലാ ഓഫീസ്, എറണാകുളം, കോഴിക്കോട്.
4) ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം.
5) സേവന പുസ്തകത്തിലേക്ക്
6) സ്റ്റോക്ക് ഫയൽ / സ്പെയർ.